1) **<u>20.02.2019 ബുധനാഴ്ച രാവിലെ 11.30 മണിക്ക് ബഹു. ജിസിഡിഎ ചെയർമാൻ അഡ്വ. വി. സലീം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 134-ാമത് ജനറൽ കൗൺസിൽ യോഗ നടപടികൾ.</u>**

**<u>ഹാജർ</u>**

1. അഡ്വ. വി. സലീം, ചെയർമാൻ, ജിസിഡിഎ
2. ശ്രീ. കെ.ജെ. മാക്സി, ബഹു. എം.എൽ.എ., കൊച്ചി.
3. ശ്രീ. എം. സ്വരാജ്, ബഹു. എം.എൽ.എ., തൃപ്പൂണിത്തുറ.
4. ശ്രീ. പി.ടി. തോമസ്, ബഹു. എം.എൽ.എ., തൃക്കാക്കര.
5. ശ്രീമതി. അനൂജ എ.എസ്., സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ.
6. ശ്രീമതി. ഉഷാകുമാരി പി.ആർ., ജില്ലാ ടൗൺപ്ലാനർ നഗരാസൂത്രണ വകുപ്പ്, എറണാകുളം & സെക്രട്ടറി ജിസിഡിഎ.

**<u>1. തീരുമാനം നമ്പർ 27/2018-19</u>**

*31.10.2018 ൽ കൂടിയ 132-ാമത് ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങൾ.*

31.10.2018 ൽ കൂടിയ 132-ാമത് ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>2. തീരുമാനം നമ്പർ 28/2018-19</u>**

*26.06.2018 ൽ കൂടിയ 131-ാമത് ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങളുടെ തുടർനടപടി കുറിപ്പ്*

26.06.2018 ൽ കൂടിയ 131-ാമത് ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങളുടെ തുടർ നടപടി കുറിപ്പ് വായിച്ച് റെക്കോർഡ് ചെയ്തു.

**<u>3. തീരുമാനം നമ്പർ 29/2018-19</u>**

*28.09.2018 വെള്ളിയാഴ്ച രാവിലെ 10.30 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.വി. സലിം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 498-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

28.09.2018-ൽ കൂടിയ 498-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>4. തീരുമാനം നമ്പർ 30/2018-19</u>**

*31.10.2018 ബുധനാഴ്ച രാവിലെ 10.00 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.വി. സലിം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 499-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

31.10.2018–ൽ കൂടിയ 499–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**5. തീരുമാനം നമ്പർ 31/2018–19**

*30.11.2018 ബുധനാഴ്ച രാവിലെ 10.30 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.വി. സലിം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 500–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

30.11.2018–ൽ കൂടിയ 500–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**6. തീരുമാനം നമ്പർ 32/2018–19**

*24.12.2018 ബുധനാഴ്ച രാവിലെ 10.00 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.വി. സലീം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 501–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

24.12.2018–ൽ കൂടിയ 501–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**7. തീരുമാനം നമ്പർ 33/2018–19**

*ജിസിഡിഎ – ആസൂത്രണ വിഭാഗം – കലൂർ മണപ്പാട്ടിപ്പറമ്പിലെ എറണാകുളം വില്ലേജിൽപ്പെട്ട 4.71 ഏക്കർ സ്ഥലം പി.പി.പി. വ്യവസ്ഥയിൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ അനുബന്ധ സൗകര്യങ്ങളോട് കൂടി നിർമ്മിക്കുന്നത് – സംബന്ധിച്ച്. (നം.1253/പി.എൽ.2/2014/ജിസിഡിഎ)*

വിഷയം കൗൺസിൽ വിശദമായി ചർച്ച ചെയ്തു. കലൂർ മണപ്പാട്ടിപ്പറമ്പിലെ എറണാകുളം വില്ലേജിൽ 104/2, 108/1,2, 109/1,2,3, 110, 124/2, 123/2,3 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 4.71 ഏക്കർ സ്ഥലത്ത് KMBR പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് പി.പി.പി. വ്യവസ്ഥയിൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ അനുബന്ധ സൗകര്യങ്ങളോടുകൂടി നിർമ്മിക്കുന്നത് സംബന്ധിച്ച മുൻ കാലങ്ങളിലെ എക്സിക്യൂട്ടീവ് കമ്മിറ്റി ജനറൽ കൗൺസിൽ തീരുമാനങ്ങൾ പരിശോധിച്ചു. ടി പദ്ധതി വിഭാവനം ചെയ്ത സ്ഥലത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് BSOT വ്യവസ്ഥയിൽ നിർമ്മിക്കുന്നതിന് 24.08.2012–ൽ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചത് പ്രകാരം സ്വീകരിച്ച തുടർ നടപടികളും സർക്കാർ അനുമതി ലഭ്യമാകാത്തതിനാൽ ബിഡ് ഏർപ്പെട്ട സ്വകാര്യ കമ്പനിക്ക് ബിഡ് സെക്യൂരിറ്റി തിരികെ നൽകിയതും കൗൺസിൽ വിലയിരുത്തി.

ജിസിഡിഎയുടെ മണപ്പാട്ടിപ്പറമ്പിലെ ഏകദേശം 206 സെന്റ് സ്ഥലത്ത് (പ്ലോട്ട്–1) സ്വകാര്യ പങ്കാളിത്തത്തോടെ കൺവെൻഷൻ സെന്ററും എക്സിബിഷൻ ഹാളും മുഖ്യ ആകർഷണമാക്കി ഏകദേശം $12600m^2$ വിസ്തൃതിയിൽ രൂപ കൽപ്പന ചെയ്ത് സാമ്പത്തിക സ്രോതസ്സുകൾ ക□ ത്തി നിർമ്മാണം നടത്തി 30 വർഷകാലയളവിൽ ഏകദേശം 11 കോടിയുടെ ജിസിഡിഎയ്ക്ക് അന്യൂറ്റി നൽകി ഉപയോഗിച്ച പ്രസ്തുത കാലാവധിക്ക്

ശേഷം പദ്ധതി കൈമാറുന്ന (Design, Finance, Built, Operate, Share, Transfer-DFBOST) വ്യവസ്ഥയിൽ നടപ്പിൽ വരുത്തുന്നതിനാണ് പ്രാഥമിക പഠനം നടത്തിയിട്ടുള്ളത്. 2018-19 ലെ ജിസിഡിഎ ബജറ്റിൽ ടി പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളതും ടി ബജറ്റിന് സർക്കാർ അംഗീകാരം ലഭ്യമായിട്ടുള്ളതുമാണ്. 16.01.2019-ന് തിരുവനന്തപുരത്ത് വച്ച് എൽ.എസ്.ജി.ഡി. അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി.കെ. ജോസ് ഐ.എ.എസ്. അവർകളുമായി ജിസിഡിഎ ചെയർമാൻ, സീനിയർ ടൗൺ പ്ലാനർ എന്നിവർ നടത്തിയ ചർച്ചയിൽ പി.പി.പി. പദ്ധതികൾ നടപ്പിലാക്കുന്ന കൺസൾട്ടന്റുകളെ നിയമിച്ച് DPR, RFP എന്നിവ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കാവുന്നതാണെന്നും കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിന് സ്വകാര്യ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി സുതാര്യമായ നടപടിക്രമങ്ങളിലൂടെ ക□ ത്താമെന്നും അറിയിക്കുകയു□ ായി. ആയത് പ്രകാരം മണപ്പാട്ടിപ്പറമ്പ് കൺവെൻഷൻ സെന്റർ പദ്ധതിക്ക് Consultant Cum Transaction Advisor-നെ ക□ ത്തുന്നതിന് കരട് Request for Proposal തയ്യാറാക്കിയിട്ടുള്ളത് കൗൺസിൽ പരിശോധിച്ചു. ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ള സ്ഥലം Detailed Town Planning Scheme for Kaloor എന്ന വിശദ നഗരാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. പ്രസ്തുത സ്കീം ജി.ഒ.(എം.എസ്.)106/71/എൽ.എ.ഡി., തീയതി 21.07.1971 പ്രകാരം അംഗീകരിച്ചിട്ടുള്ളതും 06.01.1979-ലെ ജി.ഒ(എം.എസ്.)3/79/LA&SWD ഉത്തരവ് പ്രകാരം വേരിയേഷൻ വരുത്തിയിട്ടുള്ളത് ആണ്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം തീരുമാനിച്ചു.

1) അതോറിറ്റിയുമായി ചർച്ചകൾ നടത്തി പദ്ധതി നിർവ്വഹണത്തിന് മുതൽ മുടക്കുവാൻ സന്നദ്ധരായവരുടെ സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ടി പദ്ധതിയുടെ ഡോക്യുമെന്റേഷൻ ജോലികൾ, ടെ□ ർ നടപടി ക്രമങ്ങൾ എന്നിവ ചെയ്യുന്നതിന് പി.പി.പി. നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള കൺസൾട്ടന്റിനെ നിയമിക്കുന്നതിന് തീരുമാനിച്ചു.
2) അനുബന്ധമായി ചേർത്തിരിക്കുന്ന കരട് RFP അംഗീകരിക്കുന്നതിന് തീരുമാനിച്ചു.
3) കലൂർ ഡി.ടി.പി. സ്കീമിൽ ഉൾപ്പെട്ട പ്രസ്തുത പദ്ധതി പ്രദേശത്ത് അതോറിറ്റി വക സ്ഥലത്തിലെ സ്കീം സംബന്ധമായ വിവരങ്ങൾ പരിശോധിച്ച് ആവശ്യമായ നിയമാനുസൃത നടപടികൾ (Dispensation, revision, Part Variation) സ്വീകരിക്കുന്നതിന് തീരുമാനിച്ചു.
4) എക്സിക്യൂട്ടീവ് കമ്മിറ്റി/ജനറൽ കൗൺസിൽ അംഗീകാരത്തോടെ സർക്കാർ അംഗീകരിച്ച ജിസിഡിഎയുടെ 2018-19 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എക്സിബിഷൻ കം കൺവെൻഷൻ സെന്റർ പദ്ധതിയുമായി മുമ്പോട്ട് പോകുന്നതിന് തീരുമാനിച്ചു.
5) RFP യിലെ വ്യവസ്ഥകൾ പ്രകാരം ടെക്നിക്കൽ/ഫിനാൻഷ്യൽ എലിജിബിലിറ്റി ഉറപ്പ് വരുത്തി ഏറ്റവും യോഗ്യരായ കൺസൾട്ടന്റ് കം ട്രാൻസാക്ഷൻ അഡ്വൈസറിനെ തിരഞ്ഞെടുക്കുന്നതിന് ജിസിഡിഎയിലെ വിവിധ വിഭാഗങ്ങളിലെയും പുറത്ത് നിന്നുള്ള വിദഗ്ദ്ധരെയും ഉൾപ്പെടുത്തി ഒരു പാനൽ രൂപീകരിക്കുന്നതിനും പുറത്ത് നിന്നുള്ള വിദഗ്ദ്ധർക്ക് നിലവിലെ നിയമ പ്രകാരം Honorarium/Sitting fee നൽകുന്നതിനും തീരുമാനിച്ചു.
6) സ്വകാര്യ മുതൽ മുടക്ക് ഉറപ്പ് വരുത്തി കൂടുതൽ മെച്ചപ്പെട്ട ആന്യൂറ്റി ജിസിഡിഎയ്ക്ക് ലഭിക്കുന്നതിന് Convention Centre, Event Hall, Open air Auditorium എന്നിവ മുഖ്യ ആകർഷണമാക്കി വാണിജ്യ ഉപയോഗവും അനുബന്ധ

സൗകര്യങ്ങൾ ഉൾപ്പെടുത്തി രൂപ കൽപ്പന ചെയ്യുന്നതിന് Consultant Cum Transaction Advisor ക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

കൂടാതെ കൊച്ചി നഗരത്തിൽ ഗതാഗത കുരുക്ക് വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം വിൽപ്പന നടത്തി ബൈപാസ്സിന് അപ്പുറമുള്ള മറ്റേതെങ്കിലും സ്ഥലം പദ്ധതി നടപ്പാക്കുന്നതിന് ലഭ്യമാക്കി പ്രസ്തുത സ്ഥലത്ത് പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതുകൂടി കൺസൾട്ടന്റ് കെ ട്രാൻസാക്ഷൻ അഡ്വൈസറുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടുത്തുന്നതിന് ശ്രീ. പി.ടി. തോമസ് ബഹു. എം.എൽ.എ. അഭിപ്രായപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് ജിസിഡിഎയെ സംബന്ധിച്ച് വളരെ പരിമിതമായ ഭൂമികളാണ് ഉള്ളതെന്നും പ്രസ്തുത ഭൂമികളിൽ പദ്ധതികൾ നടപ്പിലാക്കി മുന്നോട്ട് പോയാൽ മാത്രമേ സാമ്പത്തിക പ്രതിസന്ധികൾ മറികടക്കാൻ ജിസിഡിഎയ്ക്ക് സാധിക്കുകയുള്ളൂ എന്നും ബഹു. ചെയർമാൻ യോഗത്തെ അറിയിച്ചു.

യോഗം 12.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി

സെക്രട്ടറി